## 23/10/2018 ന് കോഴിക്കോട് ജില്ലയിൽ വച്ച് നടന്ന തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലെ ഓഡിറ്റ് വിഭാഗം സൂപ്രണ്ടുമാരുടെയും ലേസെക്രട്ടറി & ട്രഷറർമാരുടെയും മേഖലാ ഓഡിറ്റ് അവലോകന യോഗത്തിന്റെ മിനിട്സ്

യോഗം കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിലെ കോൺഫറൻസ് ഹാളിൽ വച്ചാണ് സംഘടിപ്പിച്ചത്. സംസ്ഥാനതല ഓഡിറ്റ് മോണിട്ടറിംഗ് കമ്മിറ്റി യോഗങ്ങളിലെ നിരന്തരമായ ആവശ്യപ്രകാരം ഓഡിറ്റ് തടസ്സവാദങ്ങളിൽ ഫലപ്രദമായ ഇടപെടൽ നടത്തി പരമാവധി തടസ്സവാദങ്ങളും ബാധ്യതകളും കുറയ്ക്കുന്നതിന് താലൂക്ക് ആശുപത്രി തലം മുതൽ ഉള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ലേ സെക്രട്ടറി & ട്രഷറർമാരുടെ പങ്കാളിത്തം ഉറപ്പു വരുത്തിയാണ് തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളെ ഉൾപ്പെടുത്തി (മേഖല II) ഓഡിറ്റ് അവലോകന യോഗം നടത്താൻ തീരുമാനിച്ചത്. ആരോഗ്യവകുപ്പ് സീനിയർ ഫിനാൻസ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ യോഗം രാവിലെ 10.30 ന് ആരംഭിച്ചു.

**യോഗത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ**

| ക്രമം | പേര് | തസ്തിക | കാര്യാലയം |
|---|---|---|---|
| 1. | ശ്രീ.ബിമൽലാൽ.റ്റി.എസ് | സീനിയർ ഫിനാൻസ് ഓഫീസർ | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 2. | ശ്രീ.അശോക്കുമാർ.സി | സീനിയർ സൂപ്രണ്ട് | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 3. | ശ്രീ.സുരേഷ്കുമാർ.പി | സീനിയർ ക്ലാർക്ക് | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 4. | ശ്രീ.അൻസർ.എ | സീനിയർ ക്ലാർക്ക് | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 5. | ശ്രീമതി.ദീപ.കെ.വി | സീനിയർ ക്ലാർക്ക് | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 6. | ശ്രീ.അമൽനാഥ്.വി.എസ് | ക്ലാർക്ക് | ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 7. | ശ്രീ.ശശിധരൻ.കെ | ലേ സെക്രട്ടറി & ട്രഷറർ | ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ ട്രെയിനിംഗ് സെന്റർ, കോഴിക്കോട് |
| 8. | ശ്രീ.ആർ.കെ.ചന്ദ്രൻ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് കാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി |
| 9. | ശ്രീ.പ്രഭാകരൻ.എം.കെ | ലേ സെക്രട്ടറി & ട്രഷറർ | ജില്ലാ ആശുപത്രി, വടകര |
| 10. | ശ്രീ.ബാബു.പി.പി | ലേ സെക്രട്ടറി & ട്രഷറർ | ഗവൺമെന്റ് ജനറൽ ആശുപത്രി, കോഴിക്കോട് |
| 11. | ശ്രീ.സുനിൽകുമാർ.കെ.പി | സീനിയർ സൂപ്രണ്ട് (ഓഡിറ്റ്) | ജില്ലാ മെഡിക്കൽ ഓഫീസ്, കോഴിക്കോട് |
| 12. | ശ്രീമതി.രേഷ്മ.കെ | സീനിയർ ക്ലാർക്ക് | ജില്ലാ മെഡിക്കൽ ഓഫീസ്, കോഴിക്കോട് |
| 13. | ശ്രീ.ബിജിത്ത്.കെ.കെ | ജൂനിയർ സൂപ്രണ്ട് (ഐ.എ.പി) | |
| 14. | ശ്രീ.വീരാവു.പി.പി | ലേ സെക്രട്ടറി & ട്രഷറർ | ഡബ്ല്യു & സി ഹോസ്പിറ്റൽ, കോഴിക്കോട് |
| 15. | ഡോ.ആശാദേവി | അഡീഷണൽ ഡി.എം.ഒ | |

03543

GOVERNMENT OF KERALA 2017-18

| | | | |
|---|---|---|---|
| 16. | ശ്രീമതി.ഉഷ.പി.ടി | ലേ സെക്രട്ടറി & ട്രഷറർ | ഗവൺമെന്റ് ജനറൽ ആശുപത്രി, കോഴിക്കോട് |
| 17. | ശ്രീ.സുബൈർ.എ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ആശുപത്രി, കുറ്റ്യാടി, കോഴിക്കോട് |
| 18. | ശ്രീ.വിജയ് ഗംഗാധരൻ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ആശുപത്രി, കുന്നംകുളം, തൃശ്ശൂർ |
| 19. | ശ്രീ.അബ്ദുൾ ജബ്ബാർ.എസ്.എസ് | സീനിയർ സൂപ്രണ്ട് | ജില്ലാ മെഡിക്കൽ ഓഫീസ്, തൃശ്ശൂർ |
| 20. | ശ്രീ.ഫ്രാൻസിസ്.കെ.എ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ |
| 21. | ശ്രീമതി.കൊച്ചുറാണി.കെ.എ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചാവക്കാട്, തൃശ്ശൂർ |
| 22. | ശ്രീമതി.അപർണ്ണ ദേവി.എ | | മെന്റൽ ഹെൽത്ത് സെന്റർ, ചാവക്കാട്, തൃശ്ശൂർ |
| 23. | ശ്രീ.വി.കെ.സെയ്തു | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊടുങ്ങല്ലൂർ, തൃശ്ശൂർ |
| 24. | ശ്രീ/ശ്രീമതി.റോജി ജോൺ | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, ഇരിഞ്ഞാലക്കുട |
| 25. | ശ്രീ.രഞ്ജിത്ത്.റ്റി.ജി | സീനിയർ ക്ലാർക്ക് | ജില്ലാ മെഡിക്കൽ ആഫീസ്, തൃശ്ശൂർ |
| 26. | ശ്രീ.വേണുഗോപാൽ.എം | ലേ സെക്രട്ടറി & ട്രഷറർ | ഗാന്ധിഗ്രാം ഹോസ്പിറ്റൽ ഓഫ് ഡെർമറ്റോളജി, കൊരട്ടി, തൃശ്ശൂർ |
| 27. | ശ്രീ.ആർ.എം.മൊഹമ്മദ് ഹുസൈൻ | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, തൃശ്ശൂർ |
| 28. | ശ്രീ.പി.എം.മനോജ്കുമാർ | ലേ സെക്രട്ടറി & ട്രഷറർ | ജില്ലാ ആശുപത്രി, വടക്കാഞ്ചേരി, തൃശ്ശൂർ |
| 29. | ശ്രീ.റ്റി.ആർ.രാധാകൃഷ്ണൻ | സീനിയർ സൂപ്രണ്ട് | ജില്ലാ മെഡിക്കൽ ആഫീസ്, പാലക്കാട് |
| 30. | ശ്രീ.കെ.വിനോദ്കുമാർ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം, പാലക്കാട് |
| 31. | ശ്രീ.ശ്രീധരൻ.കെ.ഇ | സീനിയർ ക്ലാർക്ക് | ജില്ലാ മെഡിക്കൽ ആഫീസ്, പാലക്കാട് |
| 32. | ശ്രീ.ജയചന്ദ്രൻ.കെ. | ലേ സെക്രട്ടറി & ട്രഷറർ | ജില്ലാ ആശുപത്രി, പാലക്കാട് |
| 33. | ശ്രീമതി.മീമ.റ്റി.എ | | ഗവൺമെന്റ് ഡബ്ല്യൂ & സി ഹോസ്പിറ്റൽ, പാലക്കാട് |
| 34. | ശ്രീമതി.ബീന.എം | | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, മണ്ണാർക്കാട്, പാലക്കാട് |
| 35. | ശ്രീമതി.ബീനകുമാരി.എം.റ്റി | | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ആലത്തൂർ, പാലക്കാട് |
| 36. | ശ്രീ.ജസ്റ്റിൻ ആന്റണി.ഇ.കെ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ആശുപത്രി, കുറ്റിപ്പുറം, മലപ്പുറം |
| 37. | ശ്രീമതി.സി.കെ.ഗീത | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, മലപ്പുറം |

| | | | |
|---|---|---|---|
| 38. | ശ്രീ.വിനയകുമാർ.പി. | ലേ സെക്രട്ടറി & ട്രഷറർ | ജില്ലാ ആശുപത്രി, പെരിന്തൽമണ്ണ മലപ്പുറം |
| 39. | ശ്രീ.കെ.പി.ഉണ്ണികൃഷ്ണൻ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ആശുപത്രി, അരിയകോട്, മലപ്പുറം |
| 40. | ശ്രീ.അബ്ദുൾ സമദ്.എസ് | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പൊന്നാനി, മലപ്പുറം |
| 41. | ശ്രീ.വിജയകുമാർ.പി | ലേ സെക്രട്ടറി & ട്രഷറർ | ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം |
| 42. | ശ്രീ.മധു ജനാർദ്ദനൻ | സീനിയർ സൂപ്രണ്ട് (ആഡിറ്റ്) | ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം |
| 43. | ശ്രീ.സി.ആർ.പ്രസന്നൻ | ഹെഡ് ക്ലാർക്ക് | ജില്ലാ ആശുപത്രി, തിരൂർ, മലപ്പുറം |
| 44. | ശ്രീ.ഷെറഫുദ്ദീൻ.കെ | സീനിയർ ക്ലാർക്ക് | ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം |
| 45. | ശ്രീ.വിശ്വനാഥൻ.കെ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തിരൂരങ്ങാടി, മലപ്പുറം |
| 46. | ശ്രീ.ഷാജി.എൻ.കെ | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, മഞ്ചേരി, മലപ്പുറം |
| 47. | ശ്രീ.വി.സുരേഷ്കുമാർ | ലേ സെക്രട്ടറി & ട്രഷറർ | ഡബ്ല്യൂ & സി ഹോസ്പിറ്റൽ, പൊന്നാനി, മലപ്പുറം |
| 48. | ശ്രീമതി.രജിത.കെ.കെ | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, മാനന്തവാടി, വയനാട് |
| 49. | ശ്രീമതി.ധന്യ.പി | സീനിയർ ക്ലാർക്ക് | ജില്ലാ മെഡിക്കൽ ആഫീസ്, വയനാട് |
| 50. | ശ്രീ.ഇ.കെ.കുഞ്ഞനന്തൻ | സീനിയർ സൂപ്രണ്ട് | ജില്ലാ മെഡിക്കൽ ആഫീസ്, വയനാട് |
| 51. | ശ്രീ.പി.എം.എബ്രാഹിം | ജൂനിയർ സൂപ്രണ്ട് | ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട് |
| 52. | ശ്രീമതി.എം.വി.വാസന്തി | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ആശുപത്രി, പയ്യന്നൂർ, കണ്ണൂർ |
| 53. | ശ്രീ.ബിനിൽബാല.കെ.പി | ലേ സെക്രട്ടറി & ട്രഷറർ | ജില്ലാ ആശുപത്രി, കണ്ണൂർ |
| 54. | ശ്രീ.ശ്യാമസുന്ദരം | സീനിയർ ക്ലാർക്ക് | |
| 55. | ശ്രീ.മുരളീധരൻ.വി.എൽ | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, തലശ്ശേരി, കണ്ണൂർ |
| 56. | ശ്രീ.ജോയ് മേവട്ടത്തിൽ | ലേ സെക്രട്ടറി & ട്രഷറർ | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ്, കണ്ണൂർ |
| 57. | ശ്രീ.നിസാർ അഹമ്മദ്.എം.പി | സീനിയർ സൂപ്രണ്ട് | ജില്ലാ മെഡിക്കൽ ആഫീസ്, കണ്ണൂർ |
| 58. | യതീഷ് കുമാർ.എം | | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് |
| 59. | എസ്.കെ.നാരായണ നായിക് | ലേ സെക്രട്ടറി & ട്രഷറർ | ജനറൽ ആശുപത്രി, കാഞ്ഞങ്ങാട്, കാസർഗോഡ് |
| 60. | ഗിരീഷ്കുമാർ.പി | സീനിയർ സൂപ്രണ്ട് | ജില്ലാ മെഡിക്കൽ ആഫീസ്, കാസർഗോഡ് |
| 61. | അനീഷ്കുമാർ.ആർ.കെ | ക്ലാർക്ക് | ജില്ല. മെഡിക്കൽ ആഫീസ്, കാസർഗോഡ് |

മൗനപ്രാർത്ഥനയോടെ യോഗ നടപടികൾ ആരംഭിച്ചു. കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായ ശ്രീമതി.ഷീബ സ്വാഗതം ആശംസിച്ചു. ജില്ലാ മെഡിക്കൽ ഓഫീസറുടെ അഭാവത്തിൽ അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ആശാദേവി യോഗം ഉദ്ഘാടനം ചെയ്തു. മേഖലാടിസ്ഥാനത്തിലുള്ള മീറ്റിംഗ് വളരെ ഗുണകരമായ നടപടിയാണെന്നും ഇത്തരത്തിൽ യോഗം ചേരുന്നതുകൊണ്ട് ഓഡിറ്റ് തടസ്സവാദങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ കഴിയുന്നു എന്നും, പുതുതായി ജോലിയിൽ പ്രവേശിക്കുന്ന മെഡിക്കൽ ഓഫീസർമാർക്ക് ഓഡിറ്റിന്റെ പ്രാധാന്യത്തെക്കുറിച്ചും നടപടികളെക്കുറിച്ചും പ്രത്യേക പരിശീലനം നൽകേണ്ടതുണ്ടെന്നും, ആഡിറ്റ് സെക്ഷനിലെ ക്ലാർക്കുമാരെ സ്ഥലംമാറ്റുന്നതു കാരണം ഓഡിറ്റ് ഫയലുകളിൽ ഫലപ്രദമായി നടപടി സ്വീകരിക്കാൻ സാധിക്കുന്നില്ല എന്നും ആയത് സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ അഭിപ്രായപ്പെട്ടു. അദാലത്തുകൾ നടത്തി വലിയ തടസ്സവാദങ്ങൾ തീർപ്പാക്കാൻ നടപടി കൈകൊള്ളണമെന്ന് അഭ്യർത്ഥിച്ചു. ലേ സെക്രട്ടറി & ട്രഷറർമാർക്ക് ലഭിച്ച ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ അദ്ദേഹം യോഗം ഉത്ഘാടനം ചെയ്തതായി അറിയിച്ചു.

സീനിയർ ഫിനാൻസ് ഓഫീസറുടെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഈ യോഗത്തിന്റെ പ്രാധാന്യം അദ്ദേഹം വിവരിച്ചു. 11/10/2018ലെ മേഖല I ലെ മീറ്റിംഗ് വളരെ ഫലപ്രദമായിരുന്നതായി അദ്ദേഹം അഭിപ്രായപ്പെട്ടു. സംസ്ഥാനതല എ.എം.സി - യിലെ നിരന്തരമായ ആവശ്യപ്രകാരമാണ് ഇത്തരത്തിൽ ഒരു യോഗം മേഖലാടിസ്ഥാനത്തിൽ നടത്തുന്നതെന്നും ഒരു സ്ഥാപനത്തിലെ ചിട്ടയായ പ്രവർത്തനത്തിന് ഓഡിറ്റ് തടസ്സവാദങ്ങൾ പരമാവധി കുറഞ്ഞിരിക്കുന്നത് സഹായകരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഓഡിറ്റ് തടസ്സവാദങ്ങൾക്ക് അനവധി മറുപടികൾ ലഭിക്കുന്നുണ്ടെങ്കിലും അതിന് ആനുപാതികമായി തീർപ്പ് കൽപ്പിക്കാൻ കഴിയുന്നില്ല എന്നതൊരു വസ്തുതയാണ്. തൃപ്തികരവും പൂർണ്ണവുമായ രേഖകളുടെയും പകർപ്പുകളുടെയും അഭാവമാണ് ഇതിന് കാരണം. ഓഡിറ്റിനെ ലാഘവബുദ്ധിയോടെ കാണാൻ പാടില്ല. ലേ സെക്രട്ടറി & ട്രഷറർമാർ സമയോജിതമായി ഓഡിറ്റ് ഫയലുകളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം എന്നും ആശുപത്രിയിലെ ജീവനക്കാരുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന് അവർ നേതൃത്വം നൽകണം എന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഡി.എച്ച്.എസ് - ന്റെ പ്രത്യേക താത്പര്യപ്രകാരം ആഡിറ്റ് ഫയലുകൾ തീർപ്പാക്കുന്നതിലേക്ക് അടുത്ത എ.എം.സി - ൽ അദാലത്ത് തീയതികൾ നിശ്ചയിക്കുമെന്ന് അറിയിച്ചു. ഇത്തരം അവലോകനയോഗത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തി ലേ സെക്രട്ടറിമാർ അവരവരുടെ സ്ഥാപനത്തിലെ ഓഡിറ്റ് ഫയലുകളിൽ സത്വര നടപടികൾ കൈകൊണ്ട് പരമാവധി തീർപ്പാക്കാൻ ശ്രമിക്കണമെന്നും പ്രസ്തുത ശ്രമത്തിന് ആരോഗ്യവകുപ്പ് പരിപൂർണ്ണ പിന്തുണ നൽകുമെന്നും അദ്ദേഹം ഉറപ്പു നൽകി.

03548

യോഗത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീ.അശോക്കുമാർ.സി വിവരിച്ചു. എ.എം.സി - യിലെ നിർദ്ദേശം ഗുണകരമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിലാണ് ലേ സെക്രട്ടറിമാരെ ഉൾപ്പെടുത്തി മേഖലാടിസ്ഥാനത്തിൽ അവലോകനയോഗങ്ങൾ നടത്താൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് ഡയറക്ടർ അനുമതി നൽകിയതെന്നും അത് അനുസരിച്ചുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാൻ ലേ സെക്രട്ടറി & ട്രഷറർമാർ തയ്യാറാകണമെന്നും അദ്ദേഹം അറിയിച്ചു. എച്ച്.എം.സി, ആർ.എസ്.ബി.വൈ, എൻ.എച്ച്.എം മുതലായ പദ്ധതികളിൽ ലേ സെക്രട്ടറി & ട്രെഷറർമാർക്ക് ഉത്തരവാദിത്വം ഇല്ല എന്ന പോലെയാണ് പലരും പ്രവർത്തിക്കുന്നത് എന്ന കാര്യം ബഹുമാനപ്പെട്ട ഡി.എച്ച്.എസ് - ന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും അവർ അവരുടെ Delegation of Power - നെ കുറിച്ച് അജ്ഞത നടിക്കാൻ പാടില്ലെന്നും അഭിപ്രായപ്പെട്ടു. എ.എം.സി - യിലെ പല കാലത്തുള്ള ആവശ്യപ്രകാരം റീജിയണൽ മീറ്റിംഗ് - 1st യോഗം 11/10/2018 ന് എറണാകുളത്ത് വച്ച് നടത്തുകയും ടി മീറ്റിംഗിൽ നിന്നും വിട്ടുനിന്ന ലേ സെക്രട്ടറിമാരിൽ നിന്നും വിശദീകരണം വാങ്ങാൻ ആവശ്യപ്പെടുകയും മതിയായ കാരണം കൂടാതെ വരാതിരുന്ന ലേ സെക്രട്ടറിമാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് അറിയിച്ചു. താഴെ പറയുന്ന നിർദ്ദേശങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു.

1. എച്ച്.എം.സിയുടെ കാര്യത്തിൽ മദ്ധ്യനിരയിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടം കുറവാണ്. അത് അപാകതകൾക്ക് കാരണമാവുന്നു. ആയതിനാൽ തെറ്റുവാദങ്ങളെ ക്ഷണിച്ചുവരുത്തുന്നതിന് ഇടവരുന്നു. ആയതിനാൽ middle level supervision കാര്യക്ഷമമാക്കണം. എല്ലാ പർച്ചയിസ് ഫയലുകളും ലേ സെക്രട്ടറി & ട്രെഷറർമാർ കാണേണ്ടതാണ്.

2. Stores Purchase Rules അനുസരിച്ച് മാത്രമേ നിർമ്മാണ പ്രവർത്തികളും വാങ്ങൽ പ്രക്രിയകളും നടത്താവൂ. ഫയൽ സംവിധാനത്തിലൂടെ മാത്രമേ ഇത്തരം തുക വിനിയോഗിക്കാവൂ. കുറിപ്പ് ഫയലിൽ ഉത്തരവ് എടുത്ത് തന്നെ വാങ്ങൽ / നിർമ്മാണ പ്രവർത്തികൾ നടത്താവൂ.

3. നടപടിക്രമങ്ങളിൽ സുതാര്യത അനിവാര്യമാണ്. ചിലത് സമയബന്ധിതമായി ചെയ്യേണ്ടി വരും. നടപടിക്രമങ്ങൾ പാലിക്കാൻ സാവകാശം കിട്ടാത്ത സാഹചര്യങ്ങളിൽ ഫയലിൽ രേഖപ്പെടുത്തി ഉത്തരവ് വാങ്ങി തുക വിനിയോഗ പരിധിക്കുള്ളിൽ നിന്ന് ചെയ്താൽ ഓഡിറ്റിനെ ബോധ്യപ്പെടുത്താൻ ആ രേഖകളിലൂടെ കഴിയും.

4. Revised SP Rules പ്രകാരം സാങ്കേതിക അംഗീകാരവും Purchase Committee യുടെ അംഗീകാരവും വാങ്ങിയിട്ട് മാത്രമേ പർച്ചേയ്സ് നടത്താവൂ. സാങ്കേതിക സമിതിയുടെയും മൂന്നംഗ പർച്ചേയ്സ് കമ്മിറ്റിയുടെയും യോഗ തീരുമാനത്തിന്റെ മിനിട്സും അനിവാര്യമാണ്. സാമ്പിൾ ആവശ്യമുള്ളവയ്ക്ക് അക്കാര്യം ടെൻടറിൽ / ക്വട്ടേഷനിൽ തന്നെ വ്യക്തമായി രേഖപ്പെടുത്തണം

03550

GOVERNMENT OF KERALA 2017-18

5. ബാധ്യത വരുത്തിയാൽ ആയത് ഒഴിവാക്കാൻ ധനകാര്യവകുപ്പിന് മാത്രമാണ് കഴിയുക. ആയതിനാൽ ബാധ്യത വരുത്താതെ നോക്കേണ്ടതാണ്. ആയതിന് നിയമാനുസൃതമായി മാത്രം തുകകൾ വിനിയോഗിക്കാൻ ശ്രദ്ധിക്കണം.

6. അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ടുകളിലെ മറുപടികൾ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ വ്യക്തമായ ശുപാർശ സഹിതം മാത്രമേ അയയ്ക്കാവൂ. ആഭ്യന്തര ഓഡിറ്റിനും ശുപാർശകൾ അനിവാര്യമാണ്.

7. ഹാജർ പുസ്തകം, ക്യാഷ് ബുക്ക് തുടങ്ങിയ എല്ലാ രേഖകളും, ക്യാഷ് ചെസ്റ്റും പരിശോധിക്കാൻ ഓഡിറ്റ് സംഘത്തിന് അധികാരമുള്ളതിനാൽ എല്ലാ ലേ സെക്രട്ടറി & ട്രഷറർമാരും അവരവരുടെ സ്ഥാപനത്തിൽ ഓഡിറ്റിന് വരുമ്പോൾ പ്രസ്തുത രേഖകൾ എല്ലാം ഓഡിറ്റിന് സമർപ്പിക്കാൻ ബാധ്യസ്ഥരാണ്.

8. എച്ച്.എം.സി യോഗങ്ങളിൽ പങ്കെടുക്കാതെ ലേ സെക്രട്ടറി & ട്രഷറർമാർ മാറി നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ പ്രവണത അവസാനിപ്പിക്കേണ്ടതാണ്.. എച്ച്.എം.സി യോഗങ്ങളുടെ അജണ്ട, മിനിട്സ് എന്നിവ തയ്യാറാക്കുന്നതിൽ ലേ സെക്രട്ടറി & ട്രഷറർമാർ ശ്രദ്ധ പതിപ്പിക്കണം. കണക്കുകൾ കൃത്യമായി എച്ച്.എം.സി - യിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിരിക്കണം.

9. അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ടിലെ ഏഴ് വർഷം മുമ്പ് വരെയുള്ളവ ജില്ലാ മെഡിക്കൽ ഓഫീസമാരുടെ വ്യക്തമായ ശുപാർശയും രേഖകളും ഉണ്ടെങ്കിൽ ഡി.എച്ച്.എസ് - ന് തീർപ്പാക്കാൻ കഴിയും. ആയതിനാൽ അതനുസരിച്ച് തുടർനടപടികൾ ലേ സെക്രട്ടറി & ട്രഷറർമാർ പ്രത്യേക ശ്രദ്ധ നൽകി നടപ്പിലാക്കണം.

10. കഴിഞ്ഞ എ.എം.സി - യിലെ തീരുമാനപ്രകാരം നിശ്ചയിച്ച അദാലത്തുകൾ സംസ്ഥാനത്ത് ഉണ്ടായ പ്രളയം കാരണം നടത്താൻ കഴിഞ്ഞില്ല. പുതുക്കിയ തീയതികൾ അടുത്ത എ.എം.സി - യിൽ തീരുമാനിക്കുന്നതായിരിക്കും.

11. മറുപടികൾക്ക് സഹായകരമായി സമർപ്പിക്കുന്ന രേഖകളുടെ പകർപ്പ് സാക്ഷ്യപ്പെടുത്തിയിരിക്കണം.

12. ആഡിറ്റ് പരിശോധനയിൽ ഏർപ്പെടുന്ന ക്ലാർക്കുമാർ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസായിരിക്കണം, കൂടാതെ ഡിസിപ്ലിനറി ആക്ഷൻ ഉള്ളവരും ആകരുത്.

13. മിഡിൽ ലെവൽ സൂപ്പർ വിഷൻ അനിവാര്യമാണ്.

14. ക്യാഷ് ചെസ്റ്റിൽ തുക idle ആയിരിക്കാൻ പാടില്ല. അങ്ങനെയുള്ള തുക തിരിച്ച് ബന്ധപ്പെട്ട അക്കൗണ്ടിൽ അടയ്ക്കുക.

15. ആരോഗ്യവകുപ്പ് ആഡിറ്റ് സെക്ഷന്റെ email ID : acsectiondhs@gmail.com എന്ന് അറിയിച്ചു

03552

ഓരോ സ്ഥാപനങ്ങളിലെയും നിലവിലുള്ള ഓഡിറ്റ് ഫയലുകളെ സംബന്ധിച്ച പട്ടിക അദ്ദേഹം യോഗത്തിൽ ആവതരിപ്പിക്കുകയും ഓരോ സ്ഥാപനത്തിലും ലേ സെക്രട്ടറി&ട്രഷറർമാർ ആയതിനെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണെന്നും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഉത്തരവ് അവഗണിച്ച് യോഗത്തിൽ പങ്കെടുക്കാത്ത ലേ സെക്രട്ടറിമാരിൽ നിന്ന് വിശദീകരണം ആവശ്യപ്പെടുമെന്നും അറിയിച്ചു.

തുടർന്ന് അവിടെ യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥർ സംസാരിച്ചു.

**ശ്രീ.ഗിരീഷ്, സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, കാസർഗോഡ്**

അക്കൗണ്ടന്റ് ജനറലിന്റെ പല റിപ്പോർട്ടുകളും നേരിട്ട് സ്ഥാപനത്തിലേക്കാണ് അയയ്ക്കുന്നതെന്നും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ കിട്ടാറില്ല എന്നും ആയത് അക്കൗണ്ടന്റ് ജനറലിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും അഭിപ്രായപ്പെട്ടു.

**ശ്രീ.നിസാർ അഹമ്മദ്.എം.പി, സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, കണ്ണൂർ**

ഫയൽ അദാലത്തുകൾ നടത്തി പരമാവധി മറുപടികൾ ശേഖരിച്ച് തടസ്സവാദങ്ങൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിച്ചു എന്നും എ.ജി-യിൽ നിന്നും ലഭിക്കുന്നത് കൺസോളിഡേറ്റഡ് റിപ്പോർട്ടാണെന്നും ആയതിൽ 60 ഓളം സ്ഥാപനങ്ങൾ ഉണ്ടാകുമെന്നും അറിയിച്ചു. ഇത് മറുപടി ശേഖരിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നുവെന്നും അഭിപ്രായപ്പെട്ടു.

**ശ്രീ.കുഞ്ഞനന്തൻ.ഇ.കെ, സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, വയനാട്**

അദാലത്തുകൾ നടത്തിയെങ്കിലും പൂർണ്ണ വിജയമായില്ല എന്നും റിക്കവറി സംബന്ധിച്ച നടപടികൾ നടക്കാത്തതിനാൽ നടപടി എടുക്കാൻ സാധിക്കുന്നില്ല എന്നും അഭിപ്രായപ്പെട്ടു.

**ശ്രീ.മധു ജനാർദ്ധനൻ, സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, മലപ്പുറം**

ഓഡിറ്റ് അദാലത്തുകൾ നടത്തി എന്നും ആർ.എസ്.ബി.വൈ - ൽ ശരിയായ രീതിയിൽ കമ്മ്യൂണിക്കേഷൻ നടത്താത്തതും പി.ആർ.ഒ - യും സൂപ്രണ്ടും മാത്രമാണ് പല കാര്യങ്ങൾ ചെയ്യുന്നതെന്നും അതാണ് ഓഡിറ്റ് ഒബ്ജക്ഷനുകൾ വരാൻ കാരണം എന്ന് അഭിപ്രായപ്പെട്ടു.

**ശ്രീ.രാധാകൃഷ്ണൻ, സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, പാലക്കാട്**

ഓരോ ആറ് മാസത്തിലും മേഖലാ യോഗം നടത്തിയാൽ ഫലപ്രദമാകുമെന്ന് അഭിപ്രായപ്പെട്ടു

03554

**ശ്രീ.ആർ.എച്ച്.അബ്ദുൾ ജബ്ബാർ, സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസർ, തൃശ്ശൂർ**

എ.ജി ആഡിറ്റ് അദാലത്ത് നടത്തണമെന്ന് അഭിപ്രായപ്പെട്ടു. ജില്ലാതലത്തിലും ആഡിറ്റ് അവലോകനം നടത്തണമെന്നും ജില്ലാ മെഡിക്കൽ ആഫീസിലെ ഓഡിറ്റ് സൂപ്രണ്ടുമാർ തയ്യാറായാൽ ഓഡിറ്റ് പെൻഡിംഗ് കുറയ്ക്കാൻ സാധിക്കും.

**ശ്രീ.സുനിൽകുമാർ.കെ.ജി, സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസ്, കോഴിക്കോട്**

അദാലത്തുകൾ നടത്തി എന്നും അത് വിജയകരമാണെന്നും അഭിപ്രായപ്പെട്ടു

**യോഗത്തിൽ കൈകൊണ്ട തീരുമാനങ്ങൾ**

1.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യ സ്ഥാപനങ്ങളുടെ വൈദ്യുതി, വെള്ളം, ടെലിഫോൺ മുതലായ അനുവദനീയമായ എല്ലാ ചെലവുകളും അതാത് തദ്ദേശസ്ഥാപനങ്ങളാണ് വഹിക്കേണ്ടത്. ആയതിനാൽ തുക നേടിയെടുക്കാൻ ലേ സെക്രട്ടറി & ട്രഷറർമാർ സൂപ്രണ്ടുമാരോടൊപ്പം ചേർന്ന് പ്രവർത്തിക്കണം. എച്ച്.എം.സി - യിൽ നിന്ന് മുൻകൂറായി എടുക്കേണ്ടി വരുകയാണെങ്കിൽ രണ്ട് മാസത്തിനകം തന്നെ തിരികെ വാങ്ങി എച്ച്.എം.സി അക്കൗണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

2. മധ്യനിര മേൽനോട്ടത്തിൽ ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ പതിപ്പിക്കണം

3.എസ്.പി റൂൾസ് അനുസരിച്ച് മാത്രമേ നിർമ്മാണ - വാങ്ങൽ പ്രക്രിയകൾ നടത്താവൂ

4.ഫയൽ സംവിധാനത്തിലൂടെ മാത്രമേ തുകകൾ വിനിയോഗിക്കാൻ പാടുള്ളൂ. നടപടികൾ സുതാര്യമായിരിക്കണം

5.എല്ലാ ലേ സെക്രട്ടറി & ട്രഷറർമാരും അവരവരുടെ സ്ഥാപനങ്ങളിലെ എച്ച്.എം.സി യോഗങ്ങളിൽ തീർച്ചയായും പങ്കെടുക്കണം.

6.കോട്ടയം ജില്ലയിലെ ഉഴവൂർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ അടുത്ത ഓഡിറ്റ് പരിപാടിയിൽ ഉൾപ്പെടുത്തി ഡി.എച്ച്.എസ് - ന്റെ ഓഡിറ്റ് നടത്താൻ തീരുമാനിച്ചു.

7.Delegation of Powers പുതുക്കി നിശ്ചയിക്കുന്നതിനുള്ള തുടർ നടപടികൾ കൈകൊള്ളാൻ തീരുമാനിച്ചു. (അടുത്ത എ.എം.സി - യുടെ അഭിപ്രായം കേട്ട ശേഷം)

8.എച്ച്.എം.സി-യിൽ വിവിധ പരിശോധനകൾക്കായി ഈടാക്കുന്ന തുകകൾ ഏകീകരിക്കുന്നതിന് അടുത്ത എ.എം.സി - യിലെ അഭിപ്രായം കൂടെ പരിഗണിച്ച് മാത്രം തുടർനടപടി കൈകൊള്ളേണ്ടതാണ്.

9.ലേ സെക്രട്ടറിമാർ ഇല്ലാത്ത താലൂക്ക് ആശുപത്രികളിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള തുടർനടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

10. ഇത്രയും സുപ്രധാനമായ യോഗത്തിൽ പങ്കെടുക്കാതെ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഉത്തരവ് അനുസരിക്കാത്ത താഴെ പറയുന്ന ലേ സെക്രട്ടറി & ട്രഷറർമാരിൽ നിന്നും വിശദീകരണം വാങ്ങാനും ആയതിന്മേൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ വ്യക്തമായ അഭിപ്രായം സഹിതം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കാനും നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

1. താലൂക്ക് ആശുപത്രി, തിരൂർ, മലപ്പുറം - ശ്രീ.ശ്രീജയന്ത്

2. താലൂക്ക് ആസ്ഥാന ആശുപത്രി, ചിറ്റൂർ, പാലക്കാട് - ശ്രീ.മുരളീധരൻ

യോഗം വൈകിട്ട് 3.45 ന് അവസാനിച്ചു.

ബിമൽലാൽ.റ്റി.എസ്
സീനിയർ ഫിനാൻസ് ആഫീസർ

03558